പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :339

12.01.2021 ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ജോയി | ശ്രീ.പി.തിലോത്തമൻ<br>ഭക്ഷ്യവും, പൊതുവിതരണവും.<br>വകുപ്പ് മന്ത്രി |

**ഭക്ഷ്യ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് തിരുവനന്തപുരം ജില്ലയിൽ പുതുതായി എത്ര സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആരംഭിച്ചിട്ടുണ്ടെങ്കിൽ എവിടെയെല്ലാമെന്ന് പറയുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം പുളിമൂട് എന്ന സ്ഥലത്ത് സപ്ലൈകോ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറുടെ പേരിൽ പുതിയ ഒരു റേഷൻ കട അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സപ്ലൈകോ തിരുവനന്തപുരം ജില്ലയിൽ 06 പുതിയ വിൽപനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. നെടുമങ്ങാട് ഡിപ്പോ പരിധിയിലുള്ള പൂവത്തൂർ മാവേലി സൂപ്പർ സ്റ്റോർ , പുതുകളങ്ങര സൂപ്പർമാർക്കറ്റ്, കരിങ്ങാകോളനി മാവേലിസ്റ്റോർ, ആറ്റിങ്ങൽ ഡിപ്പോ പരിധിയിലുള്ള അവനവഞ്ചേരി ഗ്രാമത്തുമുക്ക് മാവേലി സൂപ്പർ സ്റ്റോർ, കാപ്പാംവിള സൂപ്പർമാർക്കറ്റ്, നെയ്യാറ്റിൻകര ഡിപ്പോപരിധിയിലുള്ള വട്ടവിള സൂപ്പർമാർക്കറ്റ് എന്നിവയാണ് സപ്ലൈകോ ആരംഭിച്ച പുതിയ വിപണന കേന്ദ്രങ്ങൾ കൂടാതെ NFSA യുടെ പുതിയ ഗോഡൗൺ സപ്ലൈകോയുടെ വലിയതുറ ജില്ലാ ഡിപ്പോയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) കോവിഡ് 19 രോഗത്തിനെ തുടർന്ന് ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) കോവിഡ് 19 രോഗവ്യാപനത്തെ തുടർന്ന് ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ഒഴിവാക്കാനായി താഴെപറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>• ഏപ്രിൽ മാസത്തിൽ എല്ലാ വിഭാഗം റേഷൻകാർഡുടമകൾക്കും ഭക്ഷ്യധാന്യം സൗജന്യമായി നല്കുകയുണ്ടായി. |

- എല്ലാ കാർഡുടമകൾക്കും 1000/- രൂപയുടെ കോവിഡ് അതിജീവനക്കിറ്റും സൗന്യമായി നല്കുകയുണ്ടായി. കോവിഡ് വ്യാപനം തടയുന്നതിൻെറ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ നിലവിൽ വന്ന കാലയളവിൽ (ഏപ്രിൽ - മെയ് മാസങ്ങളിൽ) കേരള ജനതയുടെ അതിജീവനത്തിന് താങ്ങായി 17 അവശ്യ സാധനങ്ങൾ ഉൾക്കൊള്ളുന്ന ഭക്ഷ്യ കിറ്റുകൾ സപ്ലൈകോ മുഖേന എല്ലാ റേഷൻ കാർഡുടമകൾക്കും അഗതി മന്ദിരങ്ങളിലെയടക്കം അന്തേവാസികൾക്കുമായി വിതരണം നടത്തി. 84,90,066 റേഷൻ കാർഡുടമകൾക്ക് (റേഷൻകടകളിലൂടെ 84,48,016 കിറ്റുകളും സപ്ലൈകോ വിൽപ്പനശാലകളിലൂടെ 42,050 കിറ്റുകളും) അതിജീവന കിറ്റ് വിതരണം ചെയ്ത വകയിൽ 756 കോടി രൂപയാണ് സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചത്.

- സർക്കാർ അംഗീകാരമുള്ളതും അല്ലാത്തതുമായ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും, നാലുപേർക്ക് ഒന്ന് എന്ന രീതിയിൽ അതിജീവനക്കിറ്റ് നല്കി.
- സർക്കാർ ഉടമസ്ഥതയിലും അല്ലാതെയുമുള്ള ക്ഷേമസ്ഥാപനങ്ങൾ, അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ഒരാൾക്ക് 5 കി.ഗ്രാം വീതം അരി സൗജന്യമായി ഏപ്രിൽ മാസത്തിൽ നല്കി.

- റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങളിലെ ഒരു അംഗം മാത്രമുള്ള ആളിന് 5 കി.ഗ്രാം 2 അംഗങ്ങളുള്ളവർക്ക് 10 കി.ഗ്രാം എന്ന നിരക്കിലും രണ്ടിൽ കൂടുതൽ അംഗങ്ങളുള്ള കുടുംബത്തിന് പരമാവധി 15 കി.ഗ്രാം അരി സൗജന്യമായി നല്കി.
- ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സൗജന്യക്കിറ്റിന് പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തി.
- 2020 മേയ് മുതൽ 2020 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ എൻ.പി.എസ്, എൻ.പി.എൻ.എസ് വിഭാഗത്തിനുള്ള എല്ലാ കാർഡുടമകൾക്കും 10 കി.ഗ്രാം അരി കിലോയ്ക്ക് 15 രൂപ നിരക്കിൽ നല്കി.കോവിഡ് കാലത്തെത്തിയ ഓണത്തിനും കേരള സർക്കാർ എല്ലാ റേഷൻ കാർഡുടമകൾക്കുമായി ഓണസദ്യ ഒരുക്കുവാൻ ഉതകുന്ന ഭക്ഷ്യ വസ്തുക്കൾ ഉൾക്കൊള്ളിച്ച കിറ്റുകൾ വിതരണം ചെയ്തു. 83,72,346 റേഷൻ കാർഡുടമകൾക്ക് ഓണകിറ്റ് വിതരണം ചെയ്ത വകയിൽ 440 കോടി രൂപയാണ് സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചത്.
- സെപ്റ്റംബർ മാസം മുതൽ എല്ലാ വിഭാഗം കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യധാന്യ കിറ്റ് നല്കിവരുന്നു.
- സർക്കാർ ഉടമസ്ഥതയിലുള്ളതും അല്ലാത്തതുമായ എല്ലാ അഗതി മന്ദിരങ്ങളിലെയും അന്തേവാസികൾക്കും 4 പേർക്ക് 1 കിറ്റ് എന്ന രീതിയിൽ

ഇപ്രകാരം കിറ്റ് നല്കിവരുന്നുണ്ട്.ഇതിനു പുറമെ, ലോക്ക്ഡൗൺ കാലയളവിൽ, സംസ്ഥാനത്ത് തുറന്ന സമൂഹ അടുക്കളകൾക്കായി 70 ലക്ഷം രൂപയുടെ അവശ്യസാധനങ്ങളും സമ്പർക്ക വിലക്കിലുള്ളവർക്കായി കാൽ ലക്ഷത്തോളം ഭക്ഷ്യകിറ്റുകളും സപ്ലൈകോ മുഖേന വിതരണം ചെയ്തു. ഭക്ഷ്യഭദ്രതാ അലവൻസ് ആയി എം.ഡി.എം.എസ്. പദ്ധതിയിൽപ്പെട്ട 26 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്കായി (രണ്ട് തവണ) ഭക്ഷ്യകിറ്റുകൾ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തു.

- കോവിഡ് വ്യാപനത്തെത്തുടർന്നുള്ള മത്സ്യബന്ധന നിരോധന കാലയളവിൽ തീരദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ അതിജീവനക്കിറ്റ് നല്കി.
- കടൽ ക്ഷോഭം മൂലം ദുരിതമനുഭവിച്ച മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് അതിജീവനക്കിറ്റ് നല്കുകയുണ്ടായി.കോവിഡ് സമാശ്വാസ കിറ്റുകളുടെ വിതരണത്തിന് പുറമെ, കണ്ടൈൻമെൻറ് സോണുകളിലടക്കം വില്പനശാലകൾ പ്രവർത്തിപ്പിക്കുക വഴി കോവിഡ് കാലഘട്ടത്തിലും വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് യാതൊരു വിഘ്നവും വരാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. സ്വകാര്യ മേഖലയിലെ ഭക്ഷ്യ സാധന വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കാതിരുന്ന തീവ്ര ബാധിത മേഖലകളിലും രോഗ പ്രതിരോധ

സംവിധാനങ്ങൾ ഉപയോഗിച്ച് കൊണ്ട് സബ് സിഡി നിരക്കിലുള്ള സാധനങ്ങൾ ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി മൊബൈൽ മാവേലി സ്റ്റോറുകളും പ്രവർത്തിക്കുകയുണ്ടായി.

- റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് അപേക്ഷിച്ചാൽ 24 മണിക്കൂറിനകം കാർഡ് നല്കുന്ന പദ്ധതി നടപ്പിലാക്കി.
- പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി പരിശോധനാ സംവിധാനം ശക്തമാക്കി.
- ജില്ലയിൽ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനുവേണ്ടി 83 പെർമിറ്റുകൾ നല്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ